വളരെ അടിയന്തിരം

"ഭരണഭാഷ – മാതൃഭാഷ"

Website: www.keralapsc.gov.in

Email: dokzd.psc@kerala.gov.in

Telephone: 04994-230102

# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ജില്ലാ ആഫീസ്, കാസറഗോഡ്.

നമ്പർ: കെ.ജി.ഡി **VI (1) 262956/2020 (2)**

കാസർഗോഡ്,
**16.11.2021.**

**പ്രേഷിതൻ**

ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കാസർഗോഡ്.

**സ്വീകർത്താവ്**

The Director,
Higher Secondary Education,
Housing Board Buildings, Santhi Nagar,
Thiruvananthapuram

സർ,

വിഷയം:- കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസ്, കാസറഗോഡ് - നിയമന പരിശോധനയ്ക്ക് ഹാജരാവുന്നതിനുള്ള അറിയിപ്പ് - സംബന്ധിച്ച്.

സൂചന:-
1) താങ്കളുടെ Ad.A4/181261/DGE/2021 dated 12.08.2021 നമ്പർ കത്ത്
2) 14.02.2010 തീയ്യതിയിലെ 41/10 ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 16.11.2011 തീയ്യതിയിലെ AA&VW/30000/2011/GW നമ്പർ കത്ത്
4) 08.07.2019 ലെ GO (MS) No. 133/19/GAD നമ്പർ സർക്കാർ ഉത്തരവ്

****

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാസറഗോഡ് ജില്ലാ ആഫീസിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെട്ട് താങ്കളുടെ വകുപ്പിൽ /സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച താഴെ പറയുന്ന ജീവനക്കാരുടെ നിയമന പരിശോധന **30.11.2021** തീയ്യതിയിൽ രാവിലെ **09.30** മണിക്ക് **കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാസറഗോഡ് ജില്ലാ ഓഫീസിൽ വെച്ച് (പുലിക്കുന്ന്, മുനിസിപ്പൽ ഓഫീസ് റോഡ്)** നടത്തുന്നതാണ്. ആയതിനാൽ നിയമനശിപാർശാ കത്തിലെ മേൽ വിലാസത്തിലുള്ളതും പി.എസ്.സി. അംഗീകരിച്ചതുമായ ഏതെങ്കിലും തിരിച്ചറിയൽ രേഖകളിൽ ഒന്നിന്റെ അസ്സൽ സഹിതം മേൽ പറഞ്ഞ തീയതിയിലും, സമയത്തും ഹാജരാകുന്നതിന് ബന്ധപ്പെട്ട ജീവനക്കാരന് നിർദ്ദേശം നൽകണമെന്ന് അറിയിക്കുന്നു. ഇത് സംബന്ധിച്ച് ജീവനക്കാർക്ക് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ലെന്ന് കൂടി അറിയിക്കുന്നു.

08.07.2019 മുതൽ നിയമന പരിശോധനയ്ക്കായി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വിവിധ ഓഫീസുകളിൽ ഹാജരാവുന്ന ജീവനക്കാരിൽ നിന്നും നിയമനപരിശോധനാ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഫീസിനത്തിൽ 210/- രൂപ (ഇരുന്നൂറ്റി പത്ത് രൂപ മാത്രം) ഈടാക്കാൻ സൂചന (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ തീയ്യതിയിൽ ഈ ഓഫീസിൽ നിയമന പരിശോധനയ്ക്ക് ഹാജരാകുന്ന താങ്കളുടെ ഓഫീസിലെ താഴെപ്പറയുന്ന ജീവനക്കാരോട്/ജിവനക്കാരനോട്/ജീവനക്കാരിയോട് **'0051-psc-800- State PSC-99-Other receipts'** എന്ന ശീർഷകത്തിൽ മേൽപ്പറഞ്ഞ തുക ഒടുക്കി അസ്സൽ ചലാൻ രശീതി സഹിതം മേൽ തീയ്യതിയിൽ ഈ ഓഫീസിൽ ഹാജരാകുവാൻ നിർദ്ദേശിക്കേണ്ടതാണ്. ഫീസൊടുക്കി അസ്സൽ ചലാൻ രശീതി നേരിട്ട് ഹാജരാക്കാത്ത ജീവനക്കാർക്ക് നിയമന പരിശോധന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതല്ല എന്ന് കൂടി ഇതോടൊപ്പം അറിയിക്കുന്നു. **ഇനിമേൽ നിയമന പരിശോധനയ്ക്ക് ഈ ഓഫീസിലേക്കയക്കുന്ന എല്ലാ ജീവനക്കാർക്കും തുടർന്നും ഈ നിർദ്ദേശം നൽകേണ്ടതാണ്.**

(മറുപുറം)

കുറിപ്പ്: 1) വെരിഫിക്കേഷന മുന്നോടിയായി ജീവനക്കാർ നിശ്ചിത മാതൃകയിലുള്ള വെരിഫിക്കേഷൻ ഫോറം (അനക്സർ II) പൂരിപ്പിക്കേണ്ടതിനാൽ വെരിഫിക്കേഷന ഹാജരാകുന്ന ജീവനക്കാർക്ക് നിയമനശിപാർശ കത്ത്, നിയമന ഉത്തരവ് എന്നിവയുടെ നമ്പറും തീയതിയും, അവരുടെ റാങ്ക് നമ്പർ, ഏത് ടേണിലാണ് നിയമനം ലഭിച്ചിരിക്കുന്നത് (OC/BC) ശമ്പള സ്കെയിൽ, ജോലിയിൽ പ്രവേശിച്ച തീയതിയും ഓഫീസിന്റെ പേരും, നിയമനാധികാരിയുടെ പേരും ഉദ്യോഗപ്പേരും (ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതിയിലെ നിയമനാധികാരിയുടെ) വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്.

2) തിരിച്ചറിയൽ രേഖയിലെ മേൽ വിലാസം നിയമന ശിപാർശയിലെ മേൽ വിലാസത്തിൽ നിന്നും വ്യത്യസ്തമാണെങ്കിൽ മേൽ രേഖകളിലെ വിലാസത്തിൽ പറയുന്ന വ്യക്തി ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഒരു ഗസറ്റഡ് ആഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.

NB: **നിയമന പരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചുതരുന്നത് കർശനമായും നിയമനശിപാർശ ക്രമത്തിലാകണമെന്നും ആകയാൽ ക്രമം തെറ്റിച്ച് നിയമനപരിശോധന നടത്തുന്നതുമൂലം ഉണ്ടാകുന്ന അനന്തര പ്രശ്നങ്ങളുടെ (സീനിയോരിറ്റി തർക്കം, കോടതി വ്യവഹാരം മുതലായവ) പൂർണ ഉത്തരവാദിത്തം ബന്ധപ്പെട്ട വകുപ്പിനായിരിക്കും എന്നുകൂടി ഇതോടൊപ്പം അറിയിക്കുന്നു.**

| വെരിഫിക്കേഷന് ഹാജരാകേണ്ട ജീവനക്കാരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു. | | | |
|---|---|---|---|
| വെരിഫിക്കേഷൻ തീയ്യതിയും സമയവും : 30.11.2021, രാവിലെ 09.30 മണിക്ക് | | | |
| **Sl No.** | **Name of Candidate** | **Designation** | **Date of advice** |
| 1 | Sanitha K V | Laboratory Assistant | 26.03.2016 |

വിശ്വസ്തതയോടെ

ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കാസറഗോഡ്